പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2731    19/12/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ കോളനികളുടെ വികസനം

ചോദ്യം    മറുപടി

ശ്രീ. മുല്ലക്കര രത്നാകരൻ:

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികവർഗ്ഗ കോളനികളുടെ വികസനം ലക്ഷ്യമാക്കി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | 1. ഈ സർക്കാർ അധികാരമേറ്റ-ശേഷം പട്ടികവർഗ്ഗ മേഖലയിൽ തെരഞ്ഞെടുത്ത 5 കോളനികൾ മോഡൽ കോളനികളാക്കു-ന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>2. 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2011-12 സാമ്പത്തിക വർഷം പ്രാക്തന-ഗോത്രവർഗ്ഗക്കാരുടെ വികസനത്തിന് ചെലവഴിക്കു-ന്നതായി 148 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി 4 വർഷത്തിനുള്ളിൽ പൂർത്തീകരി-ക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ പ്രധാനമായും വീട്, വൈദ്യുതി, കുടിവെള്ളം, റോഡ്, മണ്ണ് സംരക്ഷണം, അംഗനവാടികൾ ആരോഗ്യ പദ്ധതികൾ, പ്രാഥമിക വിദ്യാഭ്യാസ പദ്ധതികൾ എന്നിവ ഉൾപ്പെടുന്നു.<br>3. കോർപ്പസ് ഫണ്ട് ശീർഷകത്തിൽ നിന്നും വിവിധ കോളനിയിൽ കുടിവെള്ളം, വൈദ്യുതി, റോഡ്, എന്നിങ്ങനെ കോളനികളുടെ അടിസ്ഥാന സൗകര്യ വികസന- |

| | | | |
|---|---|---|---|
| | | | ത്തിനായി തുക ചെലവഴിച്ചു വരുന്നു.<br>4. ഇടുക്കി ജില്ലയിലെ ഇടമലകുടി പട്ടികവർഗ്ഗ സങ്കേതത്തിന്റെ സമഗ്ര വികസനത്തിനായി വനം വകുപ്പിന്റെ സഹകരണത്തോടെ 2012-13, സാമ്പത്തിക വർഷം 4.37 കോടി രൂപയും 2013-14, സാമ്പത്തിക വർഷം 6.02 കോടി രൂപയും ഉൾപ്പെടെ 10.35 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | 1. മോഡൽ കോളനി പദ്ധതിയ്ക്കായി 5 കോളനികളിൽ 125 വീട് നിർമ്മിക്കുന്നതിന് വീടൊന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ ആകെ 6.65 കോടി രൂപ നിർവ്വഹണ ഏജൻസിയായ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്.<br>2. പ്രാക്തനഗോത്രവർഗ്ഗക്കാരുടെ സമഗ്രവികസനത്തിനായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേന ലഭ്യമായ തുകയിൽ 2011-12 സാമ്പത്തിക വർഷത്തിൽ 1.77 കോടി രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 14.17 കോടി രൂപയും (നവംബർ 30 വരെ) ചെലവഴിച്ചിട്ടുണ്ട്.<br>3. കോർപ്പസ് ഫണ്ടിൽ നിന്നും വിവിധ കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 2012-13 സാമ്പത്തിക വർഷത്തിൽ 1.40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ